"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള സർവ്വീസ് ചട്ടങ്ങൾ - ഔദോഗിക കൃത്യനിർവ്വഹണത്തിനിടയിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന വനം & വന്യജീവി വകുപ്പിലെ വാച്ചർ മുതൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ വരെയുള്ള ഫോറസ്റ്റ് ഓഫീസർമാരെ കെ.എസ്.ആർ., ഭാഗം ഒന്ന്, ചട്ടം 104-എ യുടെ പരിധിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

സ.ഉ.(കൈ) നം.63/2025/FIN തീയതി, തിരുവനന്തപുരം, 23-05-2025

പരാമർശം:- 1. 22/11/2023 തീയതിയിലെ സ. ഉ. (അ) നം. 113/2023/ധന. [SRO No. 1271/2023 തീയതി 25/11/2023].

2. 03/07/2024 തീയതിയിലെ സ. ഉ. (കൈ) നം. 77/2024/ധന.

**ഉത്തരവ്**

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന പോലീസ് ഉദ്യാഗസ്ഥർക്ക് ചികിത്സ കാലയളവിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുഴുവൻ ശമ്പളവും ലഭിക്കുന്ന വിധത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി ആശുപത്രി അവധി അനുവദിക്കുന്നതിലേക്കായി കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം I ൽ ചട്ടം 104-എ ഉൾപ്പെടുത്തി പരാമർശം ഒന്ന് പ്രകാരം ഉത്തരവായിട്ടുണ്ട്. പരാമർശം രണ്ട് പ്രകാരം കേരള ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പിലെ ഉദ്യോഗസ്ഥരെ കൂടി ചട്ടം 104-എ യുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ആനുകൂല്യം വനം & വന്യജീവി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കൂടി ബാധകമാക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒന്ന് പ്രകാരം കേരള സർവ്വീസ് ചട്ടങ്ങളിൽ ഉൾപ്പെടുത്തിയ ചട്ടം 104-എ യുടെ പരിധിയിൽ വനം & വന്യജീവി വകുപ്പിലെ വാച്ചർ മുതൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ വരെയുള്ള വനം വകുപ്പ് ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

3. ഇതിന് ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കും. കേരള സർവ്വീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലക്ഷ്മി രഘുനാഥൻ**

**അഡിഷണൽ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്- II), കേരള, തിരുവനന്തപുരം. എല്ലാ
ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ,
സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി
സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
വനം & വന്യജീവി (എഫ്) വകുപ്പ് (FWLD-F3/195/2024-FWLD)
പി.സി.സി.എഫ്. & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരളം
നോഡൽ ഓഫീസർ, www.finance.kerala.gov.in
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക്.
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E: 2945851, Agri-A1/248/2024-FIN).

**പകർപ്പ്**

ബഹു. ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.
ബഹു. നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർ.

ഉത്തരവിൻ പ്രകാരം

Signed by Raj Mohan M S
Date: 23-05-2025 17:00:43
അക്കൗണ്ട്സ് ഓഫീസർ